# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3810 15.12.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ബഹുജന സാമ്പത്തിക സുരക്ഷാ പരിപാടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം.പി.വിൻസെന്റ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ബഹുജന സാമ്പത്തിക സുരക്ഷാ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ | (എ) & (ബി) | ഇല്ല. |
| (ബി) പ്രസ്തുത പരിപാടി ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) ബ്ലേഡ് മാഫിയയ്ക്ക് എതിരെ പൊതുജന അവബോധമുണ്ടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) | ബ്ലേഡ് മാഫിയയ്ക്ക് എതിരെ പൊതുജന അവബോധമുണ്ടാക്കുവാനും, ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനുമായി 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്നു. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ പ്രകാരവും, രഹസ്യ വിവരങ്ങൾ അനുസരിച്ചും അമിതപലിശക്കാർക്ക് എതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, അമിതപലിശ ഈടാക്കുന്നവർ, ബ്ലേഡ് മാഫിയ തുടങ്ങിയ നിയമാനുസരണമല്ലാത്ത പണമിടപാട് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചൂഷണങ്ങളിൽ നിന്ന് പൊതുജനങ്ങളെ രക്ഷിക്കുന്നതിനും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനും ടി പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിലൂടെ ബ്ലേഡ് മാഫിയക്കാരുടെ താവളങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകളും മറ്റും കണ്ടെടുത്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രീ പോലീസിലൂടെയും, റസിഡന്റ്സ് അസോസിയേഷനിലൂടെയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിയും വരുന്നു. |
| (ഡി) പ്രസ്തുത പരിപാടി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ